LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കയർ ഉൽപ്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദേശ രാജ്യങ്ങളിൽ നടക്കുന്ന വിവിധ അന്താരാഷ്ട്ര എക്സിബിഷനുകളിൽ കയർ മേഖലയിലെ വിവിധ സ്ഥാപനങ്ങൾ പങ്കെടുക്കുന്നതിന് സാഹചര്യമൊരുക്കി. വിദേശ വിപണി കൂടി ലക്ഷ്യമിട്ട് ആലപ്പുഴയിൽ കയർ കേരള അന്താരാഷ്ട്ര എക്സിബിഷൻ 2012, 2013, 2014 വർഷങ്ങളിൽ, വിജയകരമായി സംഘടിപ്പിച്ചു. വിദേശവിപണി ഓർഡർ ലഭിക്കുന്നതിനായി ബയർ സെല്ലർ മീറ്റുകൾ സംഘടിപ്പിക്കുകയും പങ്കെടുക്കുകയും ചെയ്യുന്നതിനും സ്ഥാപനങ്ങൾക്ക് അവസരമൊരുക്കി. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ കൂടുതലായി ഉൽപ്പാദിപ്പിച്ച് കയറുൽപ്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ/ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്/ കയർഫെഡ് എന്നീ സ്ഥാപനങ്ങൾ മുഖാന്തിരം വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ മുഖാന്തിരം നടപ്പിലാക്കുന്ന ക്രയവില സ്ഥിരതാ പദ്ധതിയും (PPSS) സ്തുത്യർഹമായ രീതിയിൽ നടപ്പിലാക്കിവരുന്നു.

കയർ വികസന വകുപ്പിൽനിന്നുള്ള ഉത്തരവുകൾ

216 (7187) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ സഹകരണ സംഘങ്ങളിലെ തൊഴിലാളികളുടെ ത്രിഹ്റ്റ്, ഷെയർ, ഗ്രാറ്റുവിറ്റി തുടങ്ങിയവ അനുവദിക്കുന്നതുസംബന്ധിച്ച് 2009-10 കാലയളവിൽ കയർ വികസന വകുപ്പിൽനിന്നും ഏതെങ്കിലും ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(ബി) കയർ സഹകരണ സംഘങ്ങളിലെ തൊഴിലാളികളുടെ ത്രിഹ്റ്റ്, ഷെയർ, ഗ്രാറ്റുവിറ്റി തുടങ്ങിയവ നൽകുന്നതു സംബന്ധിച്ച് കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഉണ്ടായിരുന്ന ഉത്തരവുകൾ ഏതെങ്കിലും റദ്ദ് ചെയ്യുകയോ പരിഷ്കരിക്കുകയോ ചെയ്തിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) കയർ സഹകരണ സംഘങ്ങളിലെ തൊഴിലാളികളുടെ ത്രിഹ്റ്റ്/ ഷെയർ/ഗ്രാറ്റുവിറ്റി തുടങ്ങിയവ അനുവദിക്കുന്നത് സംബന്ധിച്ച് 2009-10 കാലയളവിൽ 17-2-2010-ൽ ജി.ഒ.(എംഎസ്.) നമ്പർ 34/2010/വ്യവ.നമ്പർ. ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കയർ സഹകരണ സംഘങ്ങളിലെ തൊഴിലാളികളുടെ ത്രിഫ്റ്റ്/ഷെയർ/ഗ്രാറ്റുവിറ്റി തുടങ്ങിയവ നൽകുന്നത് സംബന്ധിച്ച് കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഉണ്ടായിരുന്ന ഉത്തരവുകൾ റദ്ദ് ചെയ്തിട്ടില്ല. എന്നാൽ ചില നിബന്ധനകൾകൂടി ഉൾപ്പെടുത്തി 19-11-2011-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1449/11/വ്യവ പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

കയർ ഡീഫൈബറിംഗ് മില്ലുകൾ

217 (7188) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ എത്ര കയർ ഡീഫൈബറിംഗ് മില്ലുകൾ പ്രവർത്തിക്കുന്നു ; ഇതിൽ എത്ര എണ്ണം സഹകരണ മേഖലയിലും പൊതുമേഖലയിലും സ്വകാര്യമേഖലയിലും പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ ഡീഫൈബറിംഗ് മില്ലും 2013-14 വർഷത്തിൽ എത്ര തൊണ്ട് സംഭരിച്ചുവെന്നും എത്ര ടൺ ചകിരി ഉല്പാദിപ്പിച്ചുവെന്നും യൂണിറ്റ് ടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 65 കയർ ഡീഫൈബറിംഗ് മില്ലുകൾ പ്രവർത്തിക്കുന്നു. ഇതിൽ 19 എണ്ണം സഹകരണ മേഖലയിലും (കയർഫെഡിന്റെ 4 എണ്ണം ഉൾപ്പെടെ) സ്വകാര്യമേഖലയിൽ 46 എണ്ണവും പ്രവർത്തിക്കുന്നു.

(ബി) ഓരോ ഡീഫൈബറിംഗ് മില്ലും 2013-14 വർഷത്തിൽ സംഭരിച്ച തൊണ്ടിന്റെ വിവരങ്ങളും ഉൽപ്പാദിപ്പിച്ച ചകിരിയുടെ കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

കയർവില നിശ്ചയിക്കുവാൻ കമ്മിറ്റി

218 (7189) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർവില നിശ്ചയിക്കുവാൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത കമ്മിറ്റി എന്ന് നിലവിൽവന്നു എന്നറിയിക്കാമോ ;

(ബി) പ്രസ്തുത കമ്മിറ്റി കയർവില നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ;

(സി) കയർവില ഉല്പാദനച്ചെലവ് അനുസരിച്ച് പുതുക്കി നൽകിയോ എന്നറിയിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly